Bodhi International Journal of Research in Humanities, Arts and Science

Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

# സ്ഥാപനവത്കരിക്കപ്പെടുന്ന വിദ്യാഭ്യാസം

**Dr. Rejimol Jose**

*Associate Professor, Department of Malayalam, St.Joseph's College for Women, Alappuzha, Kerala*

Open Access

Manuscript ID:
BIJ-SPL1-DEC25-ML-069

Subject: Malayalam

Received : 07.08.2025
Accepted : 08.09.2025
Published : 31.12.2025

DOI: 10.64938/bijsi.v10si1.25.Dec069

Copy Right:

This work is licensed under a Creative Commons Attribution-ShareAlike 4.0 International License.

**Abstract**

*വിദ്യാഭ്യാസത്തെ ഒരു സാമൂഹിക സ്ഥാപനമായി വിശകലനം ചെയ്യുന്ന ഈ ലേഖനം, അറിവ് കൈമാറ്റം ചെയ്യൽ സംസ്ക്കാര വിനിമയം, സാമൂഹ്യവത്ക്കരണം എന്നിവയിൽ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനപരവും ചരിത്രപരവുമായ പങ്കിനെക്കുറിച്ച് വിശകലനം ചെയ്യുന്നു. അധികാരത്തിൻ്റെ വിവിധ തലങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന വിദ്യാഭ്യാസത്തിൻ്റെ സ്ഥാപനവത്ക്കരണത്തെ (Institutionalization) ലേഖനം നിശിതമായി വിമർശിക്കുന്നു. പാഠ്യപദ്ധതികൾ അധികാരശക്തികളാൽ നിർണ്ണയിക്കപ്പെടുമ്പോൾ, അത് അറിവിൻ്റെ ദുർവ്യാഖ്യാനത്തിനും, സ്ഥാപിത താത്പര്യങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നതിനും, അതുവഴി സ്വതന്ത്ര ചിന്തയെ (Free Thought) അടിച്ചമർത്തുന്നതിനും കാരണമാകുന്നു. സാമ്പത്തിക ക്രമങ്ങളും ജാതീയമായ വിഭജനങ്ങളും വിദ്യാഭ്യാസരംഗത്ത് നിലനിർത്തുന്ന അസമത്വങ്ങളെയും ലേഖനം ചൂണ്ടിക്കാണിക്കുന്നു. ഗുരുകുല സമ്പ്രദായത്തിൽ നിന്ന് വിദ്യാർഥി കേന്ദ്രീകൃത പഠനത്തിലേക്കുള്ള മാറ്റം പ്രതീക്ഷ നൽകുന്നുണ്ടെങ്കിലും, ഡിജിറ്റൽ ലോകം മനുഷ്യൻ്റെ സർഗ്ഗാത്മകതയിൽ ആധിപത്യം നേടുന്നതിലെ അപകടസാധ്യതകളെയും വിലയിരുത്തുന്നു. സ്ഥാപനവത്ക്കരണത്തിന്റെ ദോഷങ്ങൾ പരിഹരിക്കാൻ, വിദ്യാഭ്യാസ ലക്ഷ്യങ്ങളെ കാലാനുസൃതമായി നവീകരിക്കുകയും, പഠനപ്രക്രിയയെ പൂർണ്ണമായും വിദ്യാർഥി കേന്ദ്രീകൃതവും (Student-Centric) ക്രിയാത്മകവുമാക്കുകയും വേണം എന്ന് ലേഖനം നിഗമനം ചെയ്യുന്നു.*

**Keywords:** **വിദ്യാഭ്യാസം, സ്ഥാപനവത്ക്കരണം, അറിവ് കൈമാറ്റം, സാമൂഹ്യവത്ക്കരണം, സംസ്കാര കൈമാറ്റം, അധികാരശക്തികൾ, പാഠ്യപദ്ധതി, സ്ഥാപിതതാത്പര്യങ്ങൾ, സ്വതന്ത്ര ചിന്ത, സാമൂഹിക അസമത്വങ്ങൾ, സ്വകാര്യവത്ക്കരണം, വിദ്യാർഥി കേന്ദ്രീകൃതം, നവസാങ്കേതികവിദ്യ**

അറിവിനെ കൈമാറ്റം ചെയ്യുക എന്നത് സാമൂഹിക ജീവിതത്തിന്റെ ഭാഗമായി മനുഷ്യൻ നേടിയെടുത്ത സിദ്ധികളിൽ ഒന്നാണ്. ഇന്ന് മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായി അത് മാറിക്കഴിഞ്ഞു. ”സാമൂഹികമായി അംഗീകരിക്കപ്പെട്ട അറിവുകളെയും മൂല്യങ്ങളെയും കുറിച്ച് അവബോധം നൽകപ്പെടുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.”കാലാകാലങ്ങളായി മനുഷ്യൻ ആർജ്ജിച്ച സംസ്കാരത്തിന്റെ വിനിമയത്തിനും വിദ്യാഭ്യാസം അനിവാര്യമാണ്. സംസ്കാരത്തിന്റെ കൈമാറ്റമാണ് ഒരു സമൂഹത്തെ നിലനിർത്തുന്നത് തന്നെ. അതിനുള്ള ഏറ്റവും ശക്തമായ ഉപാധിയാണ് വിദ്യാഭ്യാസം. മനുഷ്യനെ സാമൂഹിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുത്തുവാനും നിലനില് ക്കുവാനും വിദ്യാഭ്യാസം സഹായിക്കുന്നു. മനുഷ്യന്റെ മാനസികസംസ്ക്കരണവും അതിലൂടെയാണ് നിർവഹിക്കപ്പെടുന്നത്. സാമൂഹ്യവത്ക്കരണത്തിലൂടെ ഒരുവനെ സമൂഹജീവി ആക്കി മാറ്റുന്നതും വിദ്യാഭ്യാസമാണ്.

പ്രാചീന കാലയളവിൽ അതിജീവനത്തിനായുള്ള അറിവിന്റെ കൈമാറ്റമാണ് നടത്തപ്പെട്ടിരുന്നത്. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ളതോ, ഔപചാരികമോ ആയ വിദ്യാഭ്യാസ ക്രമം അന്ന് രൂപപ്പെട്ടിരുന്നില്ല. പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന ആദിമ മനുഷ്യർ തങ്ങളുടെ അനുഭവങ്ങളെ ഭാഷയുടെ സഹായമില്ലാതെ തന്നെ പരസ്പരം പങ്കുവെക്കാൻ ശ്രമിച്ചിരുന്നതിന്റെ തെളിവുകൾ ചരിത്രപരമായി ലഭ്യമാണ്. ഭാഷ രൂപപ്പെട്ടു വന്നതോടെ അറിവിനെ കൈമാറ്റം ചെയ്യുക എന്നത് കുറച്ചുകൂടി എളുപ്പമുള്ള പ്രക്രിയയായി മാറി. കടലാസ് അച്ചടി എന്നിവയുടെ കണ്ടുപിടുത്തം അറിവിനെ ശേഖരിച്ചു വയ്ക്കുക എന്നതിലേക്ക് മനുഷ്യകുലത്തെ നയിച്ചു.

ആധുനിക യുഗത്തിൽ വിദ്യാഭ്യാസ പ്രക്രിയയുടെ ലക്ഷ്യങ്ങളും മാർഗങ്ങളും ഏറെ മാറ്റത്തിന് വിധേയമായിട്ടുണ്ട്. കേവലം അറിവിന്റെ കൈമാറ്റം എന്നതിലുപരിയായി സാമൂഹിക മാറ്റത്തിനുള്ള ഉപാധിയായി വിദ്യാഭ്യാസം മാറിയിരിക്കുന്നു. ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയും ആധുനികവത്ക്കരണവും വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭാഷ, ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ, സാമൂഹ്യ -സാംസ്കാരിക വിഷയങ്ങൾ, മൂല്യബോധനം ഇവയെല്ലാം സാമാന്യവിദ്യാഭ്യാസത്തിന്റെ

ഭാഗമായിത്തീർന്നിരിക്കുന്നു. എന്നാൽ സാമാന്യ പഠന വിഷയങ്ങൾ അടിസ്ഥാനവിദ്യാഭ്യാസ രംഗത്ത് മാത്രം ഒതുങ്ങിനിൽക്കുന്നു എന്നത് വലിയ ന്യൂനതതന്നെയാണ്. സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്ക് അനുസരിച്ച് വിദ്യാഭ്യാസപ്രക്രിയയും ഇന്ന് നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

വ്യക്തിയുടെ സമഗ്ര വിദ്യാഭ്യാസം എന്നതിലുപരിയായി ഏതെങ്കിലും ഒക്കെ മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ വാർത്തെടുക്കുക എന്നതിലേക്ക് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഇടക്കാലത്ത് പരിമിതപ്പെട്ടിരുന്നു. ഈ കുറവുകളെ നികത്തുക എന്നുള്ളത് പുതിയ വിദ്യാഭ്യാസനയങ്ങൾ ലക്ഷ്യം വെയ്ക്കുന്നുണ്ട്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനും കൂടുതൽ പ്രാധാന്യം ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. ഭാരതത്തിന്റെ സംസ്കാരം, കല, സാഹിത്യം, ഭാഷകൾ എല്ലാം പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനെ ലക്ഷ്യം വെച്ചു കൊണ്ടുള്ള പുതിയ നയപദ്ധതികൾക്കാണ് ഇന്ന് രൂപം നൽകപ്പെടുന്നത്. അധികാരത്തിന്റെ വിവിധതലങ്ങളാൽ നിയന്ത്രിക്കപ്പെടുന്നിടത്താണ് വിദ്യാഭ്യാസം സ്ഥാപനവത്കരിക്കപ്പെടുന്നത്.

പാഠ്യപദ്ധതികൾ നിർണയിക്കുന്നത് അതാതു കാലത്തെ അധികാരശക്തികളാണ്. പലപ്പോഴും സ്ഥാപിതതാല്പര്യങ്ങൾ ഈ നിർണ്ണയനത്തിൽ കടന്നുവരുന്നു.അറിവ്, ചരിത്രം, സാഹിത്യം എല്ലാം ദുർവ്യാഖ്യാനം ചെയ്യപ്പെടാൻ ഉള്ള സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നു. നിയന്ത്രിതവും അടിച്ചേൽപ്പിക്കപ്പെടുന്നതുമായ അറിവ് സ്വതന്ത്ര ചിന്താഗതിയുള്ള സമൂഹത്തെ സൃഷ്ടിക്കാൻ ഉതകുകയില്ല."ജൈവ മനുഷ്യനെ സാമൂഹിക ജീവിയാക്കി മാറ്റുന്നതും തലമുറകൾ തമ്മിൽ ഉള്ള സാംസ്കാരിക വിനിമയം നടക്കുന്നതും വിദ്യാഭ്യാസത്തിലൂടെയാവണം" എന്ന സങ്കല്പം അട്ടിമറിക്കപ്പെടുവാൻ ഇത് കാരണമാകുന്നു. ഒരുവന്റെ സാമൂഹികജീവിതത്തിനുള്ള ശേഷി കൂടിയാണ് ഇതിലൂടെ നിയന്ത്രണവിധേയമാകുന്നത്.

സമ്പദ് വ്യവസ്ഥയും സാമൂഹിക ക്രമങ്ങളും കാലാകാലങ്ങളിൽ അറിവിന്റെ വിനിമയത്തെ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. ജാതീയമായ വിഭജനങ്ങളും ഈ രംഗത്തെ അസമത്വങ്ങൾക്ക് കാരണമാകുന്നുണ്ട്. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഭൂരിപക്ഷജനത വസിച്ചിരുന്ന നാടായിരുന്നു ഭാരതം. ഈ കാലഘട്ടത്തിൽ വിവേചനങ്ങളിൽ വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായെങ്കിലും സമ്പദ് വ്യവസ്ഥയും സ്വകാര്യവത്കരണവും പല തട്ടുകളിലായി വിദ്യാഭ്യാസത്തെ തരം തിരിച്ചിരിക്കുന്നതായി മനസ്സിലാക്കാം.

അധികാരശ്രേണിയിൽ അധ്യാപക-വിദ്യാർഥി ബന്ധവും ഉൾപ്പെടുന്നുണ്ട്. ഗുരുകുലസമ്പ്രദായം, മാതാ പിതാ ഗുരു ദൈവം എന്ന ദർശനം, ഗുരു പാദങ്ങളെ

Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

നമസ്കരിക്കൽ എന്നിവയെല്ലാം ഗുരുവിന്റെ സ്ഥാനം വിദ്യാർഥിയെക്കാൾ ഉന്നതം എന്ന കാഴ്ചപ്പാടാണ് സമീപകാലം വരെ നൽകിയത്. അധ്യാപകകേന്ദ്രീകൃതം ആയിരുന്നു വിദ്യാഭ്യാസ രംഗം. പുതിയ വിദ്യാഭ്യാസ നയം വിദ്യാർഥി കേന്ദ്രീകൃതമാവുകയും, പാഠ്യപദ്ധതി വിദ്യാർഥികളുടെ സ്വാതന്ത്ര്യത്തിനു പ്രാധാന്യം നൽകുകകയും ചെയ്യുന്നുണ്ട്.

ആധുനിക കാലത്തെ ഏറ്റവും വലിയ സാധ്യതയും വെല്ലുവിളിയും നവ സാങ്കേതികവിദ്യകളുടെ സ്വാധീനമാണ്. പഠനപ്രക്രിയയെ ലളിതമാക്കുന്നതിനും, നവീകരിക്കുന്നതിനും, പുതിയ സാധ്യതകൾ നൽകുന്നതിനും അത് ഉപകരിക്കുന്നുണ്ട്. പരമ്പരാഗതവിദ്യാഭ്യാസരീതികളെയും, പഠനക്രമങ്ങളെയും സാങ്കേതികത പരിപൂർണ്ണമായി മാറ്റിയെടുത്തു.മനുഷ്യന്റെ ബുദ്ധിശക്തിയുടെയും സർഗാത്മകതയുടെയും മേൽ ഡിജിറ്റൽ ലോകം ആധിപത്യം നേടിയെടുക്കുന്നതും അപകടകരമാണ്.

വിദ്യാഭ്യാസവും കാലക്രമേണ രൂപമെടുത്ത സാമൂഹിക സ്ഥാപനമാണ്. ഏതു സാമൂഹികസ്ഥാപനവും സമൂഹത്തിന്റെ സുസ്ഥിതിയ്ക്ക് അനിവാര്യമാണ്. സമൂഹസൃഷ്ടിയ്ക്കും പുരോഗതിയ്ക്കും ഏറ്റവും അനിവാര്യമായ വിദ്യാഭ്യാസരംഗം സ്ഥാപനവത്കരിക്കപ്പെടുന്നത് സമൂഹത്തിന് ഗുണകരമല്ല. അതിന് പരിഹാരം എന്ന നിലയിൽ ഈ രംഗത്തെ പരിപൂർണ്ണമായി ക്രിയാത്മകമായ പ്രവണതകൾ ഉള്ളതാക്കി മാറ്റണം. പാഠ്യപദ്ധതി പഠനപ്രവർത്തനങ്ങൾ തുടങ്ങിയവ വിദ്യാർഥി കേന്ദ്രീകൃതമാകണം. മനുഷ്യസമൂഹത്തിന്റെ സുസ്ഥിതിയ്ക്ക് വിഘാതമാകുന്ന ഇടങ്ങളിൽ ഈ സ്ഥാപനത്തിന്റെയും ലക്ഷ്യങ്ങളെയും ധർമ്മങ്ങളെയും കാലാനുസൃതമായി നവീകരിക്കുകയും ചെയ്യണം.

**References**

1. Samuel L, Eby, An introduction to western civilization, P. 659,1933
2. Walfred A, Anderson&Frederick B Parker, Society its origin and operation, P. 181,1964